കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും സമയ ബന്ധിതമായിത്തന്നെ സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. യാതൊരുവിധ അനാസ്ഥയും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. എന്നിട്ടും ആദ്യഘട്ടത്തിൽത്തന്നെ എയിംസ് കേരളത്തിന് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല തീരുമാനമുണ്ടാകാത്തതിന് വ്യക്തമായ കാരണങ്ങൾ സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല.

(സി) എയിംസ് അനുവദിക്കുന്ന കാര്യത്തിൽ അടിയന്തര ഇടപെടൽ സ്വീകരിക്കണമെന്നും അടുത്ത ബഡ്ജറ്റിൽ ഇത് ഉൾക്കൊള്ളിക്കണമെന്നും 11-12-2015-ൽ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയെയും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെയും നേരിൽക്കണ്ട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.പി. സംവിധാനം

1(698) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ മതിയായ ജീവനക്കാരെ നിയമിച്ച് ഐ.പി. സംവിധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പെരിങ്ങോം താലൂക്കാശുപത്രിയിൽ നിലവിൽ ഐ.പി. സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ആശുപത്രിയിൽ നിലവിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഒരൊഴിവും അസിസ്റ്റന്റ് സർജൻ തസ്തികയിൽ മൂന്ന് ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകളുമാണുള്ളത്. സർവ്വീസിൽ പി.ജി. ഡിപ്ലോമയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി. നിയമനം വഴിയോ പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുനർനിയമനം നൽകുന്നതു വഴിയോ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി ഒഴിവുള്ള പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഒഴിവുള്ള മറ്റ് തസ്തികകളായ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട്ട്ടൈം സ്വീപ്പർ എന്നിവ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമനംവഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly